# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04.09.2025**

### പ്രധാനവാർത്തകൾ

1. വികസിത ഭാരതതത്തിലേക്കുള്ള യാത്രയിൽ സിംഗപ്പൂർ, സുപ്രധാന പങ്കാളിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. ചരക്ക് സേവന നികുതി പരിഷ്കാരങ്ങൾ ഉപഭോക്താക്കൾക്കും വ്യാപാരികൾകും ഗുണകരമെന്ന് കേന്ദ്രവാണിജ്യ മന്ത്രി പീയുഷ് ഗോയൽ.
3. നികുതി പരിഷ്കരണത്തിലൂടെ സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ.
4. കേരളത്തിൽ ഉത്രാടപാച്ചിൽ. ഓണത്തിരക്കിലമർന്ന് നാടും നഗരവും. തിരുവോണത്തെ വരവേൽക്കാനൊരുങ്ങി ലോകമെമ്പാടുമുള്ള മലയാളികൾ.
5. ഓണക്കാല വിൽപനയിൽ സപ്ലൈകോയ്ക്ക് സർവകാല റെക്കോർഡ്. ഇന്ന് ഉച്ചവരെയുള്ള വിൽപന 375 കോടി രൂപ കടന്നു.

RNU TVPM

6. കേരള ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസിനെതിരെ ഏരീസ് കൊല്ലം സെയ്ലേഴ്സിന് 4 വിക്കറ്റ് വിജയം.

&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി</u>

പ്രധാനമന്ത്രി നരേന്ദ്രമോദിയും സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങും തമ്മിൽ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയിൽ അർപ്പിച്ച വിശ്വാസത്തിനു സിംഗപ്പൂർ പ്രധാനമന്ത്രിക്ക് ശ്രീ. നരേന്ദ്ര മോദി നന്ദി പറഞ്ഞു. വികസിത് ഭാരത് യാത്രയിൽ ഇന്ത്യയുടെ സുപ്രധാന പങ്കാളിയാണ് സിംഗപ്പൂർ എന്ന് സാമൂഹിക മാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി വ്യക്തമാക്കി. ഇരു രാജ്യങ്ങളും തമ്മിലുള്ള സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തം യാഥാർഥ്യമാക്കുന്നതിനുള്ള പ്രതിബദ്ധതയും പ്രധാനമന്ത്രി ആവർത്തിച്ചു.

RNU TVPM

&&&&&&&&&&&&&&&

<u>ജി എസ് ടി- ഗോയൽ</u>

ദൈനംദിന ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ, ഭക്ഷ്യ ഉൽപന്നങ്ങൾ തുടങ്ങിയവയുടെ നികുതി കുറയ്ക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് ജി എസ് ടി പരിഷ്കാരം വളരെയധികം നേട്ടമുണ്ടാക്കുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. പ്രക്രിയയിലും നടപടിക്രമങ്ങളിലും വരുത്തിയ മാറ്റങ്ങൾ ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. നികുതി പരിഷ്കാരങ്ങൾ രാജ്യത്ത് ഈ മാസം 22-ന് പ്രാബല്യത്തിൽ വരും.

&&&&&&&&&&&&&&&

<u>കെ എൻ ബാലഗോപാൽ (ഇ ൻട്രോ)</u>

ചരക്കുസേവന നികുതി ഇളവിൻറെ പ്രയോജനം ഉപഭോക്താക്കൾക്ക് ലഭിക്കണമെന്നും സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം കേന്ദ്രം നികത്തണമെന്നും ധനമന്ത്രി കെ എൻ ബാലഗോപാൽ. ഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സിമൻറ്, ഓട്ടോമൊബൈൽ, ഇൻഷുറൻസ്, ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ നികുതി കുറവ് കേരളത്തിൽ 2500 കോടി യുടെ നഷ്ടം ഉണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&

<u>ബി എ പ്രകാശ്- ജി എസ് ടി( ഇൻട്രോ)</u>

ചരക്കു സേവന നികുതിയിലെ പരിഷ്കാരങ്ങൾ ഉപഭോക്താക്കൾക്ക് ഗുണകരമാണെന്നു സാമ്പത്തിക വിദഗ്ധൻ ബി എ പ്രകാശ് ആകാശവാണി വാർത്തകളോട് പ്രതികരിച്ചു. ആഡംബരവസ്തുക്കൾക്ക് ഉയർന്ന നികുതി ചുമത്തിയത് ശരിയായ തീരുമാനം ആണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് - വോയിസ്)

&&&&&&&&&&&&&&&

<u>ഓണം ജനറൽ</u>

കേരളത്തിൽ ഉത്രാടപാച്ചിൽ. ഓണത്തിരക്കിലമർന്ന് നാടും നഗരവും. തിരുവോണത്തെ വരവേൽക്കാനൊരുങ്ങി ലോകമെമ്പാടുമുള്ള മലയാളികൾ. കടകളിലും വ്യാപാര സ്ഥാപനങ്ങളിലും വൻ ജനത്തിരക്കാണ്

RNU TVPM

അനുഭവപ്പെടുന്നത്. സർക്കാർ സംവിധാനങ്ങൾ ഒരുക്കിയ ഓണം മേളകളിലും വിപണികളിലും വഴിയോര കച്ചവട കേന്ദ്രങ്ങളിലും തിരക്ക് വർദ്ധിക്കുകയാണ്. സർക്കാർ നേതൃത്വത്തിൽ ഇന്നലെ മുതൽ ആരംഭിച്ച ഓണാഘോഷവും ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമാവുകയാണ്.

&&&&&&&&&&&&&&&

ഓണം (ഇൻട്രോ)

ഒരുമയുടേയും സമഭാവനയുടേയും സ്നേഹ സന്ദേശവുമായി നാളെ തിരുവോണം. കേരളീയ പാരമ്പര്യവും സംസ്കൃതിയും മാത്രമല്ല പ്രകൃതിയുടെ ശുദ്ധാവസ്ഥയിലേക്ക് തിരികെ പോകാനും ഓണം നമ്മെ ഓർമ്മിപ്പിക്കുന്നു.

(വോയിസ്)

ഓണം (വോയിസ്)

ലോകമെമ്പാടുമുള്ള മയാളികളെ സദാ സ്വാധീനിച്ചുകൊണ്ടിരിക്കുന്ന മഹാ നന്മയുടെ പ്രതീകമായി വീണ്ടും തിരുവോണമെത്തുന്നു. സമത്വം, ഒരുമ, സമഭാവന തുടങ്ങിയ ആശയങ്ങളുടെ സാക്ഷാത്കാരം കൂടിയാണ് ഓണം. പൂക്കളവും ഊഞ്ഞാലും കുടുംബ സംഗമവും സദ്യയും ഒക്കെയായി മലയാളികളുടെ മനസ്സിൽ ആഘോഷത്തിൻറെ ഭാവാന്തരീക്ഷമാണ്. സമൃദ്ധി തുടിക്കുന്ന കാർഷിക സംസ്കാരത്തിൻറെ സ്മരണകളിലേക്കുള്ള മനസ്സിൻറെ തീർത്ഥയാത്രകൂടിയാണ് മലയാളിക്ക് ഓണനാളുകൾ. ഉത്സവങ്ങളുടെ മുഖച്ഛായ, കാലാനുസൃതമായി മാറുകയാണെങ്കിലും ഓണത്തിൻറെ സ്വത്വവും സന്ദേശവും ഇന്നും കെടാതെ നിൽക്കുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി.

RNU TVPM

&&&&&&&&&&&&&&&&

## ഗവർണർ- ഓണാശംസ

ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഓണാശംസകൾ നേർന്നു. സമത്വം, ഐക്യം, സമൃദ്ധി, ഒത്തൊരുമ എന്നിവയുടെ സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കാമെന്നും അദ്ദേഹം ആശംസിച്ചു.

&&&&&&&&&&&&&&&&

## മുഖ്യമന്ത്രി- ആശംസ

ഭേദചിന്തകളൊന്നുമില്ലാതെ ഒത്തുചേരുന്ന ആഘോഷമാണ് ഓണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സമൃദ്ധിയും സമത്വവും സന്തോഷവും നിറഞ്ഞ കേരളമായിരിക്കണം നമ്മുടെ ലക്ഷ്യമെന്നും, ആ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ ഓണം ഊർജ്ജവും പ്രചോദനവും പകരട്ടെയെന്നും മുഖ്യമന്ത്രി ആശംസിച്ചു.

RNUTVPM

&&&&&&&&&&&&&&&&

## സപ്ലൈകോയുടെ ഓണ വിൽപന

സർവകാല റെക്കോർഡുകൾ തിരുത്തി സപ്ലൈകോയുടെ ഓണ വിൽപന. ഉത്രാട ദിനമായ ഇന്ന് ഉച്ചവരെ 55.21 ലക്ഷം ഉപഭോക്താക്കൾ സപ്ലൈകോ സ്റ്റോറുകൾ സന്ദർശിച്ചു. ഇതോടെ ഓണക്കാല വിൽപന 375 കോടി രൂപ കടന്നു. ഇതിൽ 175 കോടി രൂപ സബ്സിഡി സാധനങ്ങളുടെ വിൽപനയിലൂടെയാണ് നേടിയത്.

&&&&&&&&&&&&&&&

<u>സപ്ലൈകോ - 2</u>

ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും മഞ്ഞ നിറത്തിലെ റേഷൻ കാർഡ് വിഭാഗത്തിനും സർക്കാർ നൽകുന്ന ഓണക്കിറ്റിൻറെ വിതരണം ഇന്ന് ഉച്ചയോടെ 90 ശതമാനം പൂർത്തിയായി.

&&&&&&&&&&&&&&&

<u>ബ്രെയിൻ ഹെൽത്ത് (ഇൻട്രോ)</u>

കാസർഗോഡ് ജില്ലയിൽ പരപ്പ ആസ്പിരേഷൻ ബ്ലോക്ക് പരിധിയിൽ മസ്തിഷ്ക സംബന്ധമായ രോഗങ്ങൾക്കും, പാർക്കിൻസൺസ്, അപസ്മാരം, ഡിമൻഷ്യ തുടങ്ങിയ നാഡി സംബന്ധമായ രോഗങ്ങൾക്കും ചികിത്സ നൽകുന്നതിനായി ബ്രെയിൻ ഹെൽത്ത് ഇനിഷ്യേറ്റീവ് ആരംഭിക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ..**

**(വോയിസ്)**

&&&&&&&&&&&&&&&

<u>**കെസിഎൽ**</u>

കേരള ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസിനെതിരെ ഏരീസ് കൊല്ലം സെയ്‌ലേഴ്സിന് 4 വിക്കറ്റ് ജയം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ആലപ്പി നിശ്ചിത ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 137 റൺ നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ കൊല്ലം 17 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. കാലിക്കറ്റ് ഗ്ലോബ്സ്റ്റാഴ്സും തൃശൂർ ടൈറ്റൻസും തമ്മിലുള്ള മത്സരം അൽപസമയത്തിനകം ആരംഭിക്കും.

RNU TVPM

&&&&&&&&&&&&&&&

## കെ സി എ- ലീഗ്

വനിതാ ക്രിക്കറ്റർമാർക്ക് പ്രൊഫഷണൽ വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന വനിതാ ക്രിക്കറ്റ് ലീഗിൻ്റെ ഔദ്യോഗിക പ്രഖ്യാപനവും പ്രദർശന മത്സരവും മറ്റന്നാൾ വൈകിട്ട് തിരുവനന്തപുരം കാര്യവട്ടം സ്റ്റേഡിയത്തിൽ നടക്കും. പ്രഖ്യാപന ചടങ്ങിന് ശേഷം ആരംഭിക്കുന്ന മത്സരത്തിൽ 'കെ.സി.എ ഏഞ്ചൽസും' 'കെ.സി.എ ക്വീൻസും' ഏറ്റുമുട്ടും. കേരള ക്രിക്കറ്റ് അസോസിയേഷനാണ് ലീഗ് സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&

## നിക്ഷേപ തട്ടിപ്പ്

RNU TVPM

പ്രമുഖ ഓഹരി വ്യാപാര സ്ഥാപനമായ CAPITALIX- ൻ്റെ പേരിൽ നിക്ഷേപ തട്ടിപ്പ് വർദ്ധിക്കുന്നതായി കേരള പൊലീസിൻ്റെ മുന്നറിയിപ്പ്. ഇത് സംബന്ധിച്ച വ്യാജ പരസ്യങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിക്കുകയാണെന്നും പൊലീസ് അറിയിച്ചു. നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ വ്യാജ വീഡിയോ നിർമ്മിച്ചാണ് തട്ടിപ്പ് നടത്തുന്നത്. ഇത് ശ്രദ്ധയിൽപ്പെടുകയോ തട്ടിപ്പിന് ഇരയാവുകയോ ചെയ്താൽ 1930 എന്ന നമ്പറിലോ www.cybercrime.gov.in എന്ന വെബ്സൈറ്റ് മുഖേനയോ സൈബർ പൊലീസുമായി ബന്ധപ്പെടാവുന്നതാണ്.

&&&&&&&&&&&&&&&

## ഷേർളി വാസു അന്തരിച്ചു

റിട്ടയേർഡ് ഫോറൻസിക് സർജൻ ഷേർളി വാസു അന്തരിച്ചു. 68 വയസ്സായിരുന്നു. ഹൃദയാഘാതതെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളെജിലായിരുന്നു അന്ത്യം. പ്രമാദമായ പല കേസുകളിലും പോസ്റ്റ് മോർട്ടങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&

<u>എൻ സി സി - നിർദേശം</u>

എൻ.സി.സി ക്യാമ്പുകളിൽ ശുചിത്വം കർശനമായി പാലിക്കണമെന്ന് ഗ്രൂപ്പ് കമാൻഡർ ജി സുരേഷ് നിർദ്ദേശിച്ചു. ഒരു ക്യാപിലേക്കുള്ള സന്ദർശനത്തിനിടെ വഴിയരികിൽ മാലിന്യം ഉപേക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നിർദേശം. ഇതേത്തുടർന്ന് മാലിന്യം നീക്കം ചെയ്യുവെന്നും, ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കണമെന്നും ഗ്രൂപ്പ് കമാൻഡർ വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&

<u>ശബരിമല- സദ്യ</u>

ശബരിമലയിൽ ഇന്ന് നടന്ന ഉത്രാട സദ്യയിൽ അയ്യായിരത്തിലേറെ പേർ പങ്കെടുത്തു. തിരുവോണ ദിനമായ നാളെ രാവിലെ അഞ്ചിനു നട തുറന്നു പൂജകൾ ആരംഭിക്കും. നാളെ ദേവസ്വം ജീവനക്കാരുടെ വകയായും, മറ്റന്നാൾ പോലീസ് ഉദ്യോഗസ്ഥരുടെ വകയായും ഓണസദ്യ ഉണ്ടാകും. പൂജകൾ പൂർത്തിയാക്കി ഈ മാസം ഏഴിന് വൈകിട്ട് ഒൻപതിന് നടയടയ്ക്കും.

&&&&&&&&&&&&&&&

<u>മാധ്യമ അവാർഡ്</u>

2024-ലെ ബേപ്പൂർ വാട്ടർ ഫെസ്റ്റിൻ്റെ മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു. ആകാശവാണി മികച്ച ശ്രാവ്യ മാധ്യമ വിഭാഗത്തിൽ പുരസ്കാരം സ്വന്തമാക്കി. മാതൃഭൂമിക്കാണ് സമഗ്ര കവറേജിനുള്ള പുരസ്കാരം. ദൃശ്യ മാധ്യമ വിഭാഗത്തിൽ പുരസ്കാരം 24 ന്യൂസിനാണ്.

&&&&&&&&&&&&&&&

<u>ജി ആർ അനിൽ- ഹൈ ക്കമ്മീഷൻ</u>

ചെന്നൈയിലെ ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മീഷനിലെ ഡെപ്യൂട്ടി ഹെഡ് ഓഫ് മിഷൻ ശാലിനി മേദിപ്പള്ളി, മന്ത്രി ജി ആർ അനിലുമായി കൂടിക്കാഴ്ച നടത്തി. കേരളത്തിലെ പൊതുവിതരണ രംഗം, കെ-സ്റ്റോറുകൾ, കിടപ്പ് രോഗികൾക്ക് റേഷൻ വിഹിതം നൽകുന്ന പദ്ധതി എന്നിവ കൂടിക്കാഴ്ചയിൽ വിദേശീകരിച്ചെന്ന് മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&

&&&&&&&&&&

&&&

PRD TVPM